പഠിച്ചവർക്ക് ഒരു കൊല്ലംകൂടി കൊടുക്കാമെന്നായിരുന്നു; പുതിയ സിലബസ് അതിനുശേഷം നടപ്പിലാക്കിയാൽമതി എന്നതായിരുന്നു. കേസ് കോടതിയിൽ നിലനിൽക്കുന്നതുകൊണ്ടാണ് പരീക്ഷ നടക്കാത്തത്. ഈ കേസ് വേഗത്തിൽ തീർപ്പു കൽപ്പിക്കുന്നതിനായി ഗവൺമെൻറ് ആവുന്നതെല്ലാം ചെയ്യുന്നതാണ്.

(3) സ്വാതന്ത്ര്യ സമരസേനാനികൾക്ക് സ്മാരകം നിർമ്മിക്കണമെന്ന ആവശ്യം

ശ്രീ. പി. ബാലൻ: സർ, മലബാറിലെ പ്രമുഖനായ സ്വാതന്ത്ര്യ സമരസേനാനി ശ്രീ. എം. പി. ഗോവിന്ദമേനോന് ഉചിതമായൊരു സ്മാരകം നിർമ്മിക്കണമെന്ന ആവശ്യം ഞാൻ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരുപക്ഷേ ശ്രീ. എം.പി. കുടുംബം ഇൻഡ്യയിലെ തന്നെ ഏറ്റവും വലിയ ത്യാഗം ദേശീയ സ്വാതന്ത്ര്യ സമരത്തിൽ അനുഭവിച്ചവരാണ്. ശ്രീ. എം. പി. ഗോവിന്ദമേനോൻെറ മൂത്ത സഹോദരൻ ശ്രീ. എം. പി. നാരായണമേനോൻ, 1921-ൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട് പതിനഞ്ച് കൊല്ലക്കാലത്തിലേറെ ജയിൽവാസം അനുഭവിച്ചയാളാണ്. അദ്ദേഹത്തിനും, അദ്ദേഹത്തിൻെറ സഹോദരൻമാരായ ശ്രീ. എം. പി. കുഞ്ഞിക്കണ്ണമേനോനും, ശ്രീ. എം. പി. ഗോവിന്ദമേനോനും അർഹിക്കുന്ന ഒരു സ്മാരകം നിർമ്മിച്ചിട്ടില്ല എന്നത് ഖേദകരമാണ്. ശ്രീമാൻ എം. പി. ഗോവിന്ദമേനോൻെറ കർമ്മഭൂമിയായ ഒറ്റപ്പാലത്ത് പി. ഡബ്ലിയു. ഡി. പുറംപോക്കിൽ നാൽപ്പത് സെൻറ് സ്ഥലം അനുവദിക്കാനും അവിടെ ഉചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിനുവേണ്ട സാമ്പത്തികസഹായം നൽകാനും നടപടി എടുക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, സ്വാതന്ത്ര്യസമരകാലത്ത് മലബാർ പ്രദേശത്ത് ധീരനായകൻമാരായിരുന്ന സർവ്വശ്രീ എം. പി. ഗോവിന്ദമേനോനും എം. പി. നാരായണമേനോനും ഇത്രയും നാളായിട്ട് സ്മാരകം നിർമ്മിക്കാത്തത് ഒരു വീഴ്ചയായി കരുതുകയാണ്. അതുകൊണ്ട് മൺമറഞ്ഞ സ്വാതന്ത്ര്യസമരസേനാനികളെ കൂടുതലായി ബഹുമാനിക്കണമെന്നുള്ള ഈ ഗവൺമെൻറിൻെറ നയത്തിൻെറ ഭാഗമായി ഇന്നലെ ഞാൻ പറഞ്ഞതുപോലെ, കുമ്പളത്ത് ശങ്കുപ്പിള്ളയ്ക്ക് സ്മാരകം നിർമ്മിയ്ക്കാൻ സ്ഥലം കൊടുത്തതുപോലെതന്നെ ശ്രീ. എം. പി. നാരായണമേനോനും, ശ്രീ. എം. പി. ഗോവിന്ദമേനോനും ഒറ്റപ്പാലത്തു തന്നെ സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടി 30 സെൻറ് സ്ഥലവും രണ്ട് ലക്ഷം രൂപയും നൽകുവാൻ ഗവൺമെൻറ് തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യം ഞാൻ സഭയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്.

(4) എം. എസ്. കെ. രാമസ്വാമി കമ്മീഷൻ നിഗമനങ്ങളിൽ സർക്കാർ സ്വീകരിച്ച നടപടികൾ

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ സഭയിലെ അംഗങ്ങളുടെ മൗലികമായ അവകാശങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമാണ് ഞാൻ ഉന്നയിക്കാനുദ്ദേശിക്കുന്നത്. അഞ്ചുകൊല്ലം മുൻപാണ് ഈ സഭയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

നമ്മെ കടന്നുവന്നത്. സഭയുടെ അന്തസ്സും, അംഗങ്ങളുടെ മാന്യതയും പാലിക്കുമെന്നു നാം പ്രതിജ്ഞാബദ്ധരാണ്. നാമിന്ന് പിരിയുകയാണ്. ധന്യമാകേണ്ട ഈ സന്ദർഭത്തിൽ ഇങ്ങനെയൊരു കാര്യം ഉന്നയിക്കേണ്ടിവന്നതിൽ എനിക്ക് പ്രയാസമുണ്ട്. 1991 സെപ്റ്റംബർ മാസം 27-ാം തീയതി ബഹുമാനപ്പെട്ട മെമ്പർമാരായ ശ്രീ. ശർമ്മയും ശ്രീ. രാഘവനും കൊച്ചി യൂണിവേഴ്സിറ്റിയിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സബ്കമ്മിറ്റിയിലെ അംഗങ്ങളെന്ന നിലയിൽ ഇൻറർവ്യൂവിൽ പങ്കുകൊള്ളാൻ പോയി. അവരെ തടഞ്ഞുനിർത്തി ആക്രമിച്ചത് ഈ സഭയിൽ ഒച്ചപ്പാട് ഉയർത്തിയതാണ്. ഈ സംഭവത്തെ സംബന്ധിച്ചുള്ള അന്വേഷണത്തിനുവേണ്ടി സഭ പ്രിവിലേജ് കമ്മിറ്റിക്കു വിട്ടു. അങ്ങയുടെ മുൻഗാമിയായ ശ്രീ. പി. പി. തങ്കച്ചൻ വ്യക്തിപരമായ ബന്ധങ്ങളൊന്നും പരിഗണിക്കാതെ അസിസ്റ്റൻറ് കമ്മീഷണറെ ഈ സഭ മുൻപാകെ ചേമ്പറിൽ വരുത്തി നിരുപാധികമായ ഖേദപ്രകടനം നടത്തിച്ച സംഭവമാണ്. ഈ ഗവൺമെൻറ് കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടനുസരിച്ച് ശ്രീ. എ.. എസ്. കെ. രാമസ്വാമിയെ കമ്മീഷനായി നിയോഗിച്ചു. ആ കമ്മീഷൻറെ മുൻപാകെ ബഹുമാനപ്പെട്ട ഈ രണ്ടു മെമ്പർമാർ ഹാജരായില്ല. കാരണം ഞങ്ങൾ ആവശ്യപ്പെട്ടിരുന്നത് ജുഡീഷ്യൽ അന്വേഷണമാണ്. അതിന് ഗവൺമെൻറ് തയ്യാറാകാത്തതുകൊണ്ടാണ് കമ്മീഷൻ മുൻപാകെ മെമ്പർമാർ ഹാജരാകാതിരുന്നത്. ആ കമ്മീഷൻറെ റിപ്പോർട്ട് ഈ സഭയിൽ കഴിഞ്ഞ ദിവസം ഗവൺമെൻറ് അവതരിപ്പിക്കുകയുണ്ടായി. അതിലെ പ്രസക്തമായ ഒന്നുരണ്ടു കാര്യങ്ങൾ പറയാൻ ദയവുചെയ്ത് അങ്ങ് എന്നെ അനുവദിക്കണം. കേരള സംസ്ഥാനത്തിലെ ഏറ്റവും സീനിയറായ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനാണ് ശ്രീ. എം.എസ്.കെ. രാമസ്വാമി. അദ്ദേഹമാണ് പഞ്ചായത്ത്-മുനിസിപ്പൽ തെരഞ്ഞെടുപ്പിൻറെ ഇലക്ഷൻ കമ്മീഷൻ. അദ്ദേഹം കൈക്കൊണ്ട നിഗമനങ്ങൾ ഞാൻ ഇവിടെ വായിക്കാം. 'സുഗമമായി ഇൻറർവ്യൂ നടത്തുന്നതിനാവശ്യമായ സെക്യൂരിറ്റി സംവിധാനങ്ങൾ ക്യാമ്പസിനകത്ത് ഏർപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയതുകൊണ്ട് സ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന സബ് ഇൻസ്പെക്ടർ പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന്' കമ്മീഷൻ കണ്ടു. ഈ ഗവൺമെൻറ് ചെയ്തത് എന്താണെന്നറിയാമോ? അതിൻമേൽ നടപടി എടുക്കുകയെന്നതിനു പകരം ഒരു പോലീസ് സൂപ്രണ്ടിനെ കൊണ്ട് അന്വേഷണം നടത്തി കമ്മീഷൻറെ നിഗമനം അടിസ്ഥാനരഹിതമാണെന്ന് സ്ഥാപിച്ചിരിക്കുകയാണ്. പോലീസ് സൂപ്രണ്ടിൻറെ റിപ്പോർട്ട് സർക്കാർ സ്വീകരിച്ചിരിക്കുന്നുവെന്നാണ് മറുപടി. രണ്ടാമത്തേത്, ഇൻറർവ്യൂവുമായി ബന്ധപ്പെട്ടുള്ള അക്രമപ്രവർത്തനങ്ങൾ തടയുന്നതിന് യൂണിവേഴ്സിറ്റി അധികാരികൾ അറിയിച്ചിരുന്നതുകൊണ്ട് നേരത്തെ പോലീസ് അവിടെപോയി വിവരങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതായിരുന്നു എന്നതാണ്. ഈ കാര്യത്തിൽ പോലീസിൻറെ ഭാഗത്തുള്ള വീഴ്ച കുറ്റകരമാണ്. ഇങ്ങനെയുള്ള സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ പോലീസ് ഡയറക്ടർ ജനറൽ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. സബ് ഇൻസ്പെക്ടറായ വിജയനെതിരെ ഒരു ഡിപ്പാർട്ടുമെൻറൽ അന്വേഷണം നടത്തി കമ്മീഷൻറെ നിഗമനം തെറ്റാണെന്ന് ഈ ഗവൺമെൻറ് സ്ഥാപിച്ചിരിക്കുന്നു. ഇതിൽ കൂടുതൽ അധിക്ഷേപാർഹമായ, പ്രതിഷേധാർഹമായ, ജനാധിപത്യവിരുദ്ധമായ ഒരു നടപടിക്രമം ഏതെങ്കിലും ഒരു ഗവൺമെൻറ് സ്വീകരിക്കാൻ തയ്യാറാകുമോ? അങ്ങുതന്നെ കഴിഞ്ഞദിവസം കൊച്ചി യൂണിവേഴ്സിറ്റിക്ക് എതിരായി പ്രിവിലേജ് മോഷനും മറ്റും ഈ സഭയിൽ ഉന്നയിച്ചതാണ്. പ്രതിപക്ഷത്തിലെ അംഗങ്ങളോ, ഭരണപക്ഷത്തിലെ അംഗങ്ങളോ എന്നതല്ല പ്രശ്നം.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സഭയുടെ നേതാവെന്ന നിലയിൽ ഈ സഭയുടെ അംഗങ്ങളുടെ അന്തസ്സും, മാന്യതയും പാലിക്കാൻ അങ്ങ് ബാദ്ധ്യസ്ഥനാണ്. അതുകൊണ്ട് എനിക്ക് മുഖ്യമന്ത്രിയോട് ആവശ്യപ്പെടാനുള്ളത് ഈ തീരുമാനം എത്രയുംവേഗം പുനഃപരിശോധിച്ച് കമ്മീഷന്റെ നിഗമനത്തിൻമേൽ സഭയുടെ അന്തസ്സിനുവേണ്ടി, ജനാധിപത്യത്തിനു യോജിക്കുന്ന രീതിയിലുള്ള അനന്തര നടപടികളും മുഖ്യമന്ത്രി സ്വീകരിക്കണം എന്നതാണ്. അതിന് അങ്ങ് തയ്യാറാകണം. പോലീസിന്റെ ഭാഗത്തുള്ള വീഴ്ചയ്ക്ക് നടപടി സ്വീകരിക്കുകയും, സഭയെ അറിയിക്കുകയും വേണം. അതാണ് സഭാനാഥൻ എന്നുള്ള നിലയിൽ അങ്ങ് എടുക്കേണ്ട നടപടി. മുഖ്യമന്ത്രി തീർച്ചയായിട്ടും ഇക്കാര്യത്തിൽ അനുവദനീയമായ ഒരു നടപടിക്രമം സ്വീകരിക്കുമെന്നുള്ളതാണ് പ്രതീക്ഷിക്കുന്നത്. മറിച്ച് ഡിപ്പാർട്ടുമെൻറിൽ നടന്ന അന്വേഷണത്തെ സാധൂകരിക്കാനാണ് ശ്രമിക്കുന്നതെങ്കിൽ മഹാകഷ്ടമാണന്നുമാത്രമേ ഈ അവസരത്തിൽ എനിക്ക് പറയുവാനുള്ളൂ. അങ്ങയുടെ മറുപടി പ്രതീക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, കമ്മീഷന്റെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച അന്തിമനടപടികളുടെ സ്റ്റേറ്റ്മെൻറ് എന്റെ കൈവശമുണ്ട്. അത് അങ്ങ് അനുവദിച്ചാൽ മുഴുവനും വായിക്കാം. അല്ലെങ്കിൽ ഞാൻ മേശപ്പുറത്ത് വയ്ക്കാം. ഏതായാലും കമ്മീഷന്റെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെൻറ് യുക്തമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഞാൻ ആ സ്റ്റേറ്റ്മെൻറ് മേശപ്പുറത്ത് വയ്ക്കുന്നു. (കമ്മീഷന്റെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെൻറ് സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റുമെൻറ് മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.)

(5) മലയോരവികസന അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യം

ശ്രീ. കെ. സി. ജോസഫ്: സർ, മലയോരവികസന അതോറിറ്റി രൂപീകരണം വൈകുന്നതിൽ മലയോര മേഖലയിലാകെ വലിയ ഉത്കണ്ഠ ഉണ്ട്. അങ്ങ് മുഖ്യമന്ത്രി ആയതിനുശേഷം ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റവന്യൂ സെക്രട്ടറിയെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചിരുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ട് കിട്ടിയോ എന്നറിയില്ല. എത്രയുംവേഗം മലയോരവികസന അതോറിറ്റി രൂപീകരിച്ച് മലയോരവികസനത്തിനുള്ള സംവിധാനം ഉണ്ടാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, കേരളത്തിലെ മലയോര പ്രദേശങ്ങളിലുള്ള കർഷകരുടേയും മറ്റ് ജനവിഭാഗങ്ങളുടേയും ചിരകാല അഭിലാഷമായ മലയോരവികസന അതോറിറ്റിയുടെ പ്രവർത്തനം അടുത്ത സാമ്പത്തിക വർഷത്തിൽതന്നെ ആരംഭിക്കണമെന്നാണ് ഗവൺമെൻറിന്റെ തീരുമാനം. മലയോരവികസന അതോറിറ്റി രൂപീകരിക്കാനുള്ള നയപരമായ തീരുമാനം എടുത്തുകഴിഞ്ഞു. അതിന്റെ മറ്റ് വിശദാംശങ്ങൾ തയ്യാറാക്കുന്നതിനുവേണ്ടി റവന്യൂ സെക്രട്ടറി എം. എസ്. ജോസഫിനെ സ്പെഷ്യൽ ഓഫീസറായി വച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ട് എത്രയും വേഗം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അടുത്ത സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly